# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4470** **26.06.2014-ന് മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിൽ ഓൺലൈനായി വിവിധ സർട്ടിഫിക്കറ്റുകൾക്ക് ലഭിച്ച അപേക്ഷകൾ**

| | ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആലപ്പുഴ ജില്ലയിൽ നിന്ന് 2014 ജനുവരി മുതൽ മേയ് മാസം വരെ ഓൺലൈനായി വിവിധ സർട്ടിഫിക്കറ്റുകൾക്ക് ലഭിച്ച അപേക്ഷകൾ എത്രയായിരുന്നു എന്നു വ്യക്തമാക്കാമോ; ഈ അപേക്ഷയിൽ എത്ര എണ്ണം ഇതിനോടകം തീർപ്പാക്കിയെന്നു പറയാമോ; | (എ) | 01.01.2014 മുതൽ 31.05.2014 വരെ അക്ഷയ കേന്ദ്രം മുഖേന ലഭിച്ച 104305 അപേക്ഷകളിൽ 104071 എണ്ണം തീർപ്പാക്കിയിട്ടുണ്ട്.(Approved: 93308/Rejected: 1377 Returned : 9328/Cancelled : 58) |
| (ബി) | ഓൺലൈനായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കാതെ വില്ലേജ് ഓഫീസർമാർ ഇ-ഡിസ്ട്രിക്ട് പദ്ധതി അട്ടിമറിക്കാൻ ശ്രമിച്ചു എന്ന പത്രവാർത്ത വാസ്തവമാണോ എന്നു പറയാമോ; ഇപ്രകാരം വില്ലേജ് ഓഫീസർമാർ ശ്രമം നടത്തിയെങ്കിൽ അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്നു പറയാമോ; | (ബി) | ഇ-ഡിസ്ട്രിക്ട് പദ്ധതി വില്ലേജ് ഓഫീസർമാർ അട്ടിമറിച്ചു എന്നുള്ള വാർത്ത വാസ്തവവിരുദ്ധമാണ്. എല്ലാ വില്ലേജുകളിലും ഇ-സർട്ടിഫിക്കറ്റുകൾ കൃത്യമായും വിതരണം ചെയ്തു വരുന്നു. |
| (സി) | പത്രവാർത്ത തെറ്റായിരുന്നുവെങ്കിൽ ഈ വാർത്തയുടെ ഉറവിടം ഏതായിരുന്നു എന്ന വിവരം ലഭിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവർക്കെതിരെ എന്തു നടപടിയെടുത്തു എന്നു വ്യക്തമാക്കുമോ? | (സി) | വിവരം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.